**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4537** **19-07-2022 - ൽ മറുപടിയ്ക്ക്**

**വനാശ്രിത സമൂഹത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (എ) | വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനായി വനാശ്രിതരായ തദ്ദേശവാസികളെ അംഗങ്ങളാക്കി വനസംരക്ഷണ സമിതികൾ / ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് അവരെ പങ്കാളികളാക്കി വനപരിപാലന, വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.<br><br>കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ (GIM) പദ്ധതിയുടെ കീഴിൽ ശോഷിത വനങ്ങളുടെ പുനരുദ്ധാരണം, നഗരപ്രദേശങ്ങളിൽ വനാവരണം വർദ്ധിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളിൽ വനസംരക്ഷണ സമിതി അംഗങ്ങളെ പങ്കാളികളാക്കി തൊഴിൽ ലഭ്യമാക്കുന്നു.<br><br>വന വികസന ഏജൻസികളുടെ നേതൃത്വത്തിൽ വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളിലെ അംഗങ്ങൾ ശാസ്ത്രീയമായ രീതിയിൽ വനവിഭവ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനം എന്നിവ നടത്തി വനവിഭവങ്ങൾ വനശ്രീ മുഖേന വിൽപ്പന നടത്തുന്നു.<br><br>കേന്ദ്ര സർക്കാർ ഏജൻസിയായ TRIFED -ന്റെയും സംസ്ഥാന സർക്കാരിന്റെയും (75:25 CSS) ധനസഹായത്തോടെ ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില നൽകുന്ന MSP for MFP പദ്ധതി പ്രകാരം വനാശ്രിത സമൂഹം വനങ്ങളിൽ നിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില നൽകി ന്യായമായ വില സംരക്ഷണം ഉറപ്പാക്കുന്നു. മേൽ ധനസഹായത്തോടെ നിലവിലുള്ള വനശ്രീകളുടെ വിപുലീകരണം, ആധുനികവൽക്കരണം, രൂപീകരണം എന്നിവയും നടപ്പിലാക്കുന്നു.ഇവയെല്ലാം വനാശ്രിത സമൂഹത്തിന് സഹായകരമാകുന്നു. |

| | | | |
|---|---|---|---|
| | | | പ്രധാനമന്ത്രി വൻ ധൻ വികാസ് യോജന പദ്ധതി (PMVDVY) മുഖേന വനാശ്രിത സമൂഹങ്ങൾക്ക് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ പരിശീലനവും, വനവിഭവങ്ങളുടെ മൂല്യവർദ്ധനവിനാവശ്യമായ യന്ത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, മറ്റ് സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും നൽകുന്നു.<br><br>വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനപരിപാലന തത്ത്വത്തിൻ കീഴിൽ സംസ്ഥാനത്ത് വനം വകുപ്പ് നിലവിൽ 60 ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നുണ്ട്. പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾക്കാണ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിന്റെയും പദ്ധതി പ്രദേശങ്ങളുടെ പരിപാലനത്തിന്റെയും ചുമതല. ഇക്കോ ടൂറിസം പദ്ധതി പ്രദേശങ്ങളിൽ സന്ദർശക സുരക്ഷയ്ക്കായും, പദ്ധതി പ്രദേശത്തിന്റെ പരിപാലനത്തിനും സംരക്ഷണത്തിനുമായി വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി അംഗങ്ങളെ ഗൈഡുകളായി നിയോഗിച്ചുവരുന്നു. ഇതുവഴി വനാശ്രിതരായ വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും അതിലൂടെ അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സഹായകരമാകുന്നു. |

സെക്ഷൻ ഓഫീസർ